പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *257      11/12/2014 ൽ മറുപടിയ്ക്ക്

## സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള എല്ലാ സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ ; | (എ) | 4179 ഗവ: സ്കൂളുകളിലും 6659 എയ്ഡഡ് സ്കൂളുകളിലും ലൈബ്രറി സൗകര്യമുണ്ട്. |
| ബി) പ്രസ്തുത ലൈബ്രറികളുടെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം A ആയി ചേർത്തിട്ടുണ്ട്. |
| സി) സ്കൂൾ ലൈബ്രറികൾ നവീകരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം B ആയി ചേർത്തിട്ടുണ്ട്. |

Padmakumari

സെക്ഷൻ ഓഫീസർ

അനുബന്ധം - A

1. മിക്കവാറും എല്ലാ സ്കൂളുകളിലും പുസ്തകങ്ങൾ ഉണ്ട്. പക്ഷേ ശാസ്ത്രീയമായി തയ്യാറാക്കിയ ലൈബ്രറികൾ ഇല്ല.
2. ലൈബ്രറി പ്രൊഫഷണലുകളുടെ അഭാവം വലിയ പോരായ്മയാണ്.
3. നിലവിൽ ലൈബ്രറികളുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന ഗൈഡ്ലൈനുകൾ ഒന്നും തന്നെ ഇല്ല. ഈ അവ്യക്തത ലൈബ്രറി പ്രവർത്തനത്തിനെയും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനെത്തന്നെയും പ്രതികൂലമായി ബാധിക്കുന്നു.
4. ലൈബ്രറികൾ മെച്ചപ്പെടുത്തുവാനുള്ള വേണ്ടത്ര സാമ്പത്തിക സഹായം കിട്ടുന്നില്ല.
5. സ്കൂൾ കരിക്കുലത്തിന്റെ മാറ്റത്തിനനുസരിച്ച് സ്കൂൾ ലൈബ്രറി സിസ്റ്റം മെച്ചപ്പെടുത്തിയിട്ടില്ല, മാറ്റം വരുത്തിയിട്ടുമില്ല.

Padmakumar

1. സ്കൂൾ ലൈബ്രറികൾ ഓട്ടോമേഷനിലൂടെ ആധുനിക വത്കരിക്കുക.
2. എല്ലാ ആഴ്ചയും ലൈബ്രറി പിരീഡ് വേണം.
3. മുഴുവൻ സമയവും ലൈബ്രറി പ്രവർത്തനത്തിൽ ഏർപ്പെടുവാൻ ഒരു ഫുൾടൈം ലൈബ്രറിയൻ തീർച്ചയായും വേണം (ലൈബ്രറി സയൻസിൽ ബിരുദമുള്ളവർ)
4. ലൈബ്രറിക്കായി 1000 ചതുരശ്രയടി വിസ്തീർണ്ണമെങ്കിലും ഉള്ള പ്രത്യേക മുറി/ ബിൽഡിംഗ്, ആവശ്യമുള്ള ഫർണിച്ചർ - എന്നിവ അത്യാവശ്യം വേണ്ട ഘടകമാണ്.
5. ജില്ലാ പഞ്ചായത്ത് / എം.പി.ഫണ്ട് / എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, പ്രത്യേകിച്ച് വായനാമുറികൾ
6. പുസ്തകങ്ങൾ എല്ലാ വർഷവും വാങ്ങിക്കുവാനുള്ള സംവിധാനം.
7. എല്ലാ സ്കൂളുകളിലും കുട്ടികൾ കൂടി അംഗങ്ങളായുള്ള ലൈബ്രറി കമ്മിറ്റി രൂപീകരിച്ച് ലൈബ്രറികൾക്ക് പുതിയ ജീവനും ഉണർവും നൽകുക ലൈബ്രറി നടത്തിപ്പിനും പുസ്തകങ്ങൾ വാങ്ങാനും ഇത് സഹായിക്കും.
8. സ്കൂൾ ലൈബ്രറിക്ക് പുറമെ എല്ലാ വിഷയങ്ങൾക്കും പ്രത്യേകം ലൈബ്രറി വേണം. അധ്യാപകരുടെ ലൈബ്രറി ഇതിനുപുറമെയും വേണം.
9. സ്കൂൾ സമയം കഴിഞ്ഞും ഒരു മണിക്കൂർ ലൈബ്രറി ഉപയോഗിക്കുവാനുള്ള അവസരം ഒരുക്കാവുന്നതാണ്.